# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

**നാളന്ദ, തിരുവനന്തപുരം-695003**

**www.keralabhashainstitute.org**

നം. ഇ1/873/2022/സിൽ തീയതി:12.04.2022

## വിജ്ഞാപനം

സാംസ്കാരികവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ താഴെപ്പറയുന്ന തസ്തികകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

### 1. സീനിയർ റിസർച്ച് ഓഫീസർ - ഒഴിവ് - 1

(പ്രതിമാസ ശമ്പളം - 35,300/- )

**യോഗ്യത :**

1. ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും സയൻസ്/ആർട്സ് / കൊമേഴ്സ് / എഞ്ചിനീയറിംഗ്/ ടെക്നോളജി/മെഡിസിൻ ഇവയിൽ ഏതെങ്കിലും വിഷയത്തിൽ ലഭിച്ച ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം.
2. പ്രസിദ്ധീകരണങ്ങളിലൂടെ തെളിയിക്കപ്പെട്ട മലയാള ഭാഷാ പ്രാവീണ്യം.
3. കോളേജ്/സർവകലാശാല/ഉന്നതവിദ്യാഭ്യാസമേഖല/ഗവേഷണ സ്ഥാപനം എന്നിവിടങ്ങളിൽ നിന്നുള്ള അധ്യാപന, ഗവേഷണപരിചയം.
4. പ്രസിദ്ധീകരണങ്ങൾ എഡിറ്റ് ചെയ്ത പരിജ്ഞാനം.

3, 4 എന്നിവയിലെ പ്രവൃത്തിപരിചയം 10 വർഷത്തിൽ കുറയരുത്.

**അഭികാമ്യം:**

1. ഡോക്ടറേറ്റ് ഡിഗ്രി
2. മറ്റ് ഭാഷകളിലെ പ്രാവീണ്യം

**01.01.2022** ന് 35 വയസ് പൂർത്തിയായിരിക്കണം. പ്രായ പരിധി 45 വയസ്. എസ്.സി/എസ്.ടി വിഭാഗത്തിന് പ്രായപരിധിയിൽ 5 വർഷത്തെ ഇളവുണ്ട്.

### 2. റിസർച്ച് ഓഫീസർ - ഒഴിവ് - 1

(പ്രതിമാസ ശമ്പളം - 32,560/- )

**യോഗ്യത :**

1. ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും സയൻസ്/ആർട്സ് / കൊമേഴ്സ് ഇവയിൽ ഏതെങ്കിലും വിഷയത്തിൽ ലഭിച്ച ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം.
   അല്ലെങ്കിൽ എഞ്ചിനീയറിംഗ്/ ടെക്നോളജി/മെഡിസിൻ/വെറ്ററിനറി സയൻസ് / അഗ്രികൾച്ചറൽ സയൻസ് ഇവയിൽ ഏതെങ്കിലും വിഷയത്തിൽ ലഭിച്ച ഒന്നാം ക്ലാസ് അല്ലെങ്കിൽ ഉയർന്ന രണ്ടാം ക്ലാസ് ബിരുദം.
2. പ്രസിദ്ധീകരണങ്ങളിലൂടെ തെളിയിക്കപ്പെട്ട മലയാള ഭാഷാ പ്രാവീണ്യം
3. കോളേജ്/സർവകലാശാല/ഉന്നതവിദ്യാഭ്യാസമേഖല/ഗവേഷണ സ്ഥാപനം എന്നിവിടങ്ങളിൽ നിന്നുമുള്ള അധ്യാപന, ഗവേഷണപരിചയം.
4. പ്രസിദ്ധീകരണങ്ങൾ എഡിറ്റ് ചെയ്ത പരിജ്ഞാനം.

3, 4 എന്നിവയിലെ പ്രവൃത്തിപരിചയം 5 വർഷത്തിൽ കുറയരുത്.

**01.01.2022** ന് 30 വയസ് പൂർത്തിയായിരിക്കണം. പ്രായ പരിധി 45 വയസ്. എസ്.സി/എസ്.ടി വിഭാഗത്തിന് പ്രായപരിധിയിൽ 5 വർഷത്തെ ഇളവുണ്ട്.

### 3. എഡിറ്റോറിയൽ അസിസ്റ്റന്റ് - ഒഴിവ് - 1
(പ്രതിമാസ ശമ്പളം - 32,560/- )

**യോഗ്യത :** 1. ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ലഭിച്ച ഒന്നാം ക്ലാസ് ബി.ടെക് (കംപ്യൂട്ടർ സയൻസ്) ബിരുദം/കംപ്യൂട്ടർ സയൻസ്/കംപ്യൂട്ടർ ആപ്ലിക്കേഷൻ ഇവയിൽ ഏതെങ്കിലും വിഷയത്തിൽ ലഭിച്ച ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദം.

2. പ്രസിദ്ധീകരണങ്ങൾ എഡിറ്റ് ചെയ്ത പരിജ്ഞാനം.

**01.01.2022** ന് 30 വയസ് പൂർത്തിയായിരിക്കണം. പ്രായ പരിധി 35 വയസ്. എസ്.സി/എസ്.ടി വിഭാഗത്തിന് പ്രായപരിധിയിൽ 5 വർഷത്തെ ഇളവുണ്ട്.

---

### 4. ക്ലർക്ക് - ഒഴിവ് - 2
(പ്രതിമാസ ശമ്പളം - 21,175/- )

**യോഗ്യത :** 1. എസ്.എസ്.എൽ.സി പാസ്സായിരിക്കണം
2. കംപ്യൂട്ടർ പരിജ്ഞാനം ഉണ്ടായിരിക്കണം.

**01.01.2022** ന് 18 വയസ് പൂർത്തിയായിരിക്കണം. പ്രായ പരിധി 35 വയസ്. എസ്.സി/എസ്.ടി വിഭാഗത്തിന് പ്രായപരിധിയിൽ 5 വർഷത്തെ ഇളവുണ്ട്.

---

**പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാനതീയതി: 20.04.2022**

---

അപേക്ഷകൾ careerbhashainstitute@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ഒരു വർഷത്തേക്കുള്ള കരാർ അടിസ്ഥാനത്തിലുള്ള നിയമനം സംവരണതത്വങ്ങൾ പാലിച്ചു കൊണ്ടായിരിക്കും നടത്തുക. റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷം ആയിരിക്കും.

വിദ്യാഭ്യാസയോഗ്യതയുടെയും, പ്രവൃത്തി പരിചയ യോഗ്യതയുടെയും സംവരണാനുകൂല്യത്തിന്റെയും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഒന്നിലധികം തസ്തികകളിൽ അപേക്ഷിക്കുന്നവർ ഓരോ തസ്തികയ്ക്കും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതും തസ്തികയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.

**(ഒപ്പ്)**
**ഡയറക്ടർ**
**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**നളന്ദ, തിരുവനന്തപുരം**